പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2992

20/12/2012-ൽ മറുപടി നൽകേണ്ടത്

# മൂന്നാർ കാറ്ററിംഗ് കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) മൂന്നാർ കാറ്ററിംഗ് കോളേജുമായി ബന്ധപ്പെട്ട് നിയമ നടപടികൾ വല്ലതും നിലവിലുണ്ടോ ; | (എ) മൂന്നാർ കാറ്ററിംഗ് കോളേജുമായി ബന്ധപ്പെട്ട് നിയമനടപടികൾ നിലവിലുള്ളതും എന്നാൽ നടപടികൾ W.P.(C) 21341/2012 കേസിൽ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയുമാണ്. |
| (ബി)കോളേജ് നിലനിൽക്കുന്ന സ്ഥലം കൈയ്യേറ്റ ഭൂമിയാണോ; | (ബി) ചിന്നക്കനാൽ വില്ലേജിൽ സർവേ 222/1ൽപ്പെട്ട സ്ഥലത്താണ് മൂന്നാർ കാറ്ററിംഗ് കോളേജ് സ്ഥിതി ചെയ്യുന്നത്. ടി സർവ്വെ നമ്പരിൽപ്പെട്ട 4.7564 ഹെക്ടർ വസ്തുവാണ് കാറ്ററിംഗ് കോളേജ് അധികൃതരുടെ കൈവശത്തിലുള്ളത്. എന്നാൽ സർവ്വേ 222/1ൽപ്പെട്ട വസ്തുവിൽ LA 54/70 നമ്പർ പട്ടയ പ്രകാരം സിദ്ധിച്ചിട്ടുള്ള 1 ഏക്കർ ഒഴികെ ബാക്കി വസ്തുവിന് ആധികാരികമായ രേഖകളില്ലാത്തതാണ്. കാറ്ററിംഗ് കോളേജ് ഉടമസ്ഥരായ തച്ചങ്കരി ഫൗണ്ടേഷൻ എന്ന സ്ഥാപനം തങ്ങളുടെ കൈവശഭൂമിയ്ക്ക് അടിസ്ഥാന പ്രമാണമായി അവകാശപ്പെടുന്ന LA 143/69, LA 144/69, LA 152/69, LA 19/78 എന്നീ പട്ടയങ്ങൾ സർവ്വെ 34/1ലെ വസ്തുവിൽ വരുന്നതാണ്. സർവ്വെ 34/1ൽ തച്ചങ്കരി ഫൗണ്ടേഷൻ വക സ്ഥാപനങ്ങളോ വസ്തുക്കളോ ഇല്ലാത്തതാകുന്നു. ആകയാൽ സർവ്വെ 222/1ൽ തച്ചങ്കരി ഫൗണ്ടേഷൻ നിർമ്മിച്ചിട്ടുള്ള മൂന്നാർ കാറ്ററിംഗ് കോളേജ് സ്ഥിതി ചെയ്യുന്നത് കൈയ്യേറ്റ ഭൂമിയിലാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ പട്ടയങ്ങളും നിലവിൽ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) മേൽപറഞ്ഞ കോളേജും സ്ഥലവും ഒഴിപ്പിക്കൽ നടപടിയ്ക്ക് വിധേയമാണോ ; എങ്കിൽ നടപടികൾ ഏത് അവസ്ഥയിലാണ് ; | (സി) പട്ടയങ്ങൾ റദ്ദ് ചെയ്തതിനെ തുടർന്ന് മൂന്നാർ കാറ്ററിംഗ് കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലം ഒഴിപ്പിച്ചെടുക്കാൻ ദേവികുളം സബ്കളക്ടർ ഉത്തരവായിരുന്നു. ഇതിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീലുകൾ ജില്ലാകളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർ തള്ളി ഉത്തരവായിരുന്നു. 14/08/2012ൽ ലാന്റ് റവന്യൂ കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ W.P.(C) 21341/12 നം.ഹർജി ഫയൽ ചെയ്യപ്പെട്ടു. നിലവിൽ ഇത് സംബന്ധമായ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ഡി)പ്രസ്തുത കോളേജ് ആരുടെ ഉടമസ്ഥതയിലുള്ളതാണെന്നറിയിക്കുമോ? | (ഡി) തച്ചങ്കരി ഫൗണ്ടേഷൻ എന്ന ട്രസ്റ്റിന്റെ ഉടമസ്ഥതയിലാണ്. |

സെക്ഷൻ ഓഫീസർ